## സാംസ്കാരികരംഗം

### എം. കൃഷ്ണൻ നായർ

ആശയം പലപ്പോഴും ഹിംസ്രജന്തുവാണ്. അത് രൂക്ഷമായി നമ്മെ നോക്കും. തീപ്പൊരി ചിതറുന്ന ആ നോട്ടം കണ്ടാൽ നമ്മൾ ആ മൃഗത്തിനു വിധേയരായിപ്പോകും. മനുഷ്യർ ഒന്നുകിൽ ഇടത്തോട്ടോ വലത്തോട്ടോ നീങ്ങിപ്പോകുന്നത് ആശയമെന്ന ക്രൂരമൃഗത്തിന്റെ പേടിപ്പിക്കുന്ന നോട്ടത്താലാണ്. ഏതു ഭാഗത്തേക്കു പോയാലും അതിനു രസിക്കുന്ന മട്ടിൽ മുദ്രാവാക്യങ്ങൾ വിളിക്കാൻ നമ്മൾ നിർബദ്ധരാണ്. ഇടതുഭാഗത്തുള്ളവർ വലതുഭാഗത്തുള്ളവരെക്കാൾ മേൻമയുള്ളവരെന്നു പറയാൻ വയ്യ. ദക്ഷിണഭാഗത്തുള്ളവർ വാമഭാഗത്തുള്ളവരേക്കാൾ നന്മയുള്ളവരെന്നു പറയാനും വയ്യ. രണ്ടുകൂട്ടർക്കും നൻമയുണ്ട്., തിൻമയുണ്ട്. പൂച്ചയുടെ രോമത്തിനു മൃദുത്വമുണ്ട്. കഴുത്തിൽനിന്ന് വാലിന്റെ ഭാഗത്തേക്കു ഒന്നു തടവിനോക്കൂ. പൂച്ച നന്ദിയോടെ നിന്നുതരും. പ്രതിലോമമായിട്ടാണ് തടവുന്നതെങ്കിൽ അതിനുവേദനയുണ്ടാകും. നടുവു വളച്ച് അതു പ്രതിഷേധം പ്രകടിപ്പിക്കും. എന്നിട്ടും നിങ്ങൾ കൈയെടുക്കുന്നില്ലെങ്കിൽ അതു നഖങ്ങൾ പുറത്തേക്കു ചാടിക്കും. അവ നിങ്ങളുടെ ശരീരം കീറിയെന്നുവരും; ചോരയൊഴുകിയെന്നുവരും. അതിനാൽ തെററായ രീതിയിൽ ഇടതുപക്ഷത്തെയോ വലതുപക്ഷത്തെയോ മാർജ്ജനം ചെയ്യാൻ പോകരുത്, ഈ ലോകത്തു പ്രശാന്തതയോടെ ജീവിക്കണമെങ്കിൽ.


ആശയമൃഗത്തിന്റെ ക്രൂരമായ സംവീക്ഷണം ഉണ്ടെങ്കിലും ദക്ഷിണഭാഗത്തോ വാമഭാഗത്തോ ചേരാതെ മധ്യഭാഗത്തു നിലയുറപ്പിക്കുന്നവരുണ്ട്. അവർക്കു മനഃസാക്ഷിയെ മാനിച്ച് സത്യം പറയാനേ കഴിയൂ. ചോര കണ്ടാൽ അവർ പേടിക്കും; ചിലപ്പോൾ ബോധം കെട്ടുവീഴും. ചോരയുടെ സന്ദേശം കേട്ടാൽപ്പോലും അവർക്കു ബോധക്ഷയമുണ്ടാകും. എങ്കിലും ധീരൻമാരാണ് അവർ. മററുള്ളവർക്ക് ഇഷ്ടമായില്ലെങ്കിലോ എന്നു വിചാരിച്ച് അവർ കള്ളം പറയാൻ സന്നദ്ധരാവില്ല. മാന്യതപുലർത്തി, കാപട്യമില്ലാതെ; ഒററക്കാശു കൈക്കൂലി വാങ്ങാതെ അവർ ഇവിടെ കഴിഞ്ഞുകൂടുന്നു. ഇങ്ങനെയുള്ള മധ്യവർത്തികളിൽ- വിരളമായി മാത്രം കാണുന്ന മധ്യവർത്തികളിൽ- ഒരാളാണ് ഡോക്ടർ കെ. ഭാസ്കരൻ നായർ. സത്യംപറയുന്ന ധീരനാണു ഭാസ്കരൻനായർ എന്നതുകൊണ്ട്, മനഃസാക്ഷിയുടെ അനുശാസനങ്ങൾക്കു യോജിച്ച മട്ടിൽ ജീവിക്കുന്ന ആളാണ് അദ്ദേഹമെന്നതുകൊണ്ട്, ഞാൻ അദ്ദേഹത്തെ സ്നേഹിക്കുകയും ബഹുമാനിക്കുകയും ചെയ്യുന്നു.

# ഡോ. കെ. ഭാസ്കരൻനായർ

#### കഥാകാരൻ

1942-ലാണ് ഞാൻ അദ്ദേഹത്തെ പരിചയപ്പെടുന്നത്. നേരിട്ടുള്ള പരിചയമല്ല. അദ്ദേഹമെഴുതിയ ഒരു ചെറുകഥയിലൂടെയുള്ള പരിചയം. ഇൻറർമീഡിയററ് ക്ലാസ്സിലെ വിദ്യാർത്ഥിയായിരുന്ന ഞാൻ സാഹിത്യത്തെ സംബന്ധിക്കുന്ന കാര്യങ്ങളറിയാനും ഞാനെഴുതിയ ദുഷ്കവിതകൾ തിരുത്തിക്കാനുംവേണ്ടി എന്റെ ജ്യേഷ്ഠസുഹൃത്തായ ശ്രീ. ജി. കൃഷ്ണക്കുറുപ്പിനെ കാണാൻ പോകുമായിരുന്നു. (ഇന്നത്തെ മോഡൽ പാരലൽ കോളജിലെ ലക്ചറർ) ഡോക്ടർ ഭാസ്കരൻ നായരുടെ ശിഷ്യനായിരുന്നു കൃഷ്ണക്കുറുപ്പ്. ഒരു ദിവസം അദ്ദേഹം കോളജ് മാഗസിൻ തുറന്ന് ''നാല്പതുവർഷങ്ങൾക്കു ശേഷം'' എന്നൊരു ചെറുകഥ വായിച്ചുകേൾപ്പിച്ചു. അതിന്റെ കലാസൗന്ദര്യം കണ്ട് ഞാൻ ആഹ്ലാദപരവശനായി. 'ആരെഴുതിയത്? എന്ന ചോദ്യത്തിന് ''ഞങ്ങളുടെ കോളജിലെ സുവോളജി ലക്ചറർ കെ. ഭാസ്കരൻ നായർ'' എന്നായിരുന്നു ഉത്തരം. ഞാൻ കൃഷ്ണക്കുറുപ്പിന്റെ കൈയിൽനിന്നു മാസിക പിടിച്ചുവാങ്ങിച്ച് ആ ചെറുകഥ വായിച്ചു. താൻ സ്നേഹിച്ചിരുന്ന സ്ത്രീക്ക്, അവളെ വിവാഹം കഴിക്കാൻ സാധിക്കാത്ത പുരുഷൻ നാല്പതുവർഷത്തിനുശേഷമെഴുതുന്ന കത്തായിരുന്നു ആ ചെറുകഥ. ഓരോ വാക്യവും അയാളുടെ നിഷ്കളങ്കമായ പ്രേമത്തെയും സഹിക്കാനാവാത്ത നിരാശതയേയും വിളിച്ചുപറഞ്ഞു. അവൾ ബാലികയായിരുന്നപ്പോൾ, കത്തിച്ച നെയ്ത്തിരി കൽവിളക്കിൽ വയ്ക്കാൻ വയ്യാതെ നിന്നതും ഒക്കെ ഇന്നത്തെ ഏതു കഥാകാരനും കൊതിക്കാവുന്ന കലാവൈദഗ്ദ്ധ്യത്തോടെ ഭാസ്കരൻ നായർ അന്ന് ആലേഖനം ചെയ്തിരുന്നു. പുസ്തകത്തിന്റെ രണ്ടുതാളുകൾക്കിടയിലിരിക്കുന്ന വാടിയ പനിനീർപ്പൂ ഒരു കാല''ഘട്ട''ത്തിന്റെ സ്മരണകൾ ഉളവാക്കി നിങ്ങൾക്ക് ഒരു നിമിഷത്തേക്ക് സ്വർഗ്ഗീയാനുഭൂതി പ്രദാനം ചെയ്തെന്നുവരാം. പക്ഷേ ഭാസ്കരൻനായരുടെ ഈ കഥാകുസുമം വാടാത്ത രീതിയിൽ ഇന്നും എന്റെ മുൻപിൽ വിടർന്നുനില്ക്കുന്നു. അതു ഉളവാക്കുന്ന അനുഭൂതി ക്ഷണികമല്ല, ശാശ്വതമാണ്.

ഡോ. കെ. ഭാസ്കരൻനായർ



#### ഗുരുനാഥൻ

ഞാൻ സയൻസ് കോളജിലാണ് പഠിച്ചിരുന്നതെങ്കിലും ഭാസ്കരൻ നായർ സാറിനെ കണ്ടിട്ടില്ലായിരുന്നു. ''നാല്പതുവർഷത്തിനുശേഷം'' എന്ന ചെറുകഥ വായിച്ചുണ്ടായ ലഹരിയിൽപ്പെട്ട് ഞാനൊരുദിവസം അദ്ദേഹം പഠിപ്പിക്കുന്ന ക്ലാസ്സിനു തൊട്ടടുത്തുള്ള വരാന്തയിൽ ചെന്നുനിന്നു നോക്കി സുന്ദരനായ യുവാവ്. പാശ്ചാത്യരീതിയിലുള്ള വേഷം. വിദ്യാർത്ഥികൾ ഇരിക്കുന്ന മട്ടുകണ്ടാൽ നിശ്ചയിക്കാം അദ്ദേഹം എത്ര പ്രഗല്ഭമായിട്ടാണ് പഠിപ്പിച്ചിരുന്നതെന്ന്. 'Those having torches will pass them on to others' എന്നു പ്ലേററോ പറഞ്ഞത് സത്യം. വിദഗ്ദ്ധ



Digitized by Kerala Sahitya Akademi



# അന്നമയം

എപ്പൊഴും വെളിച്ചത്തിൻ
വിപരീതമായ് ത്തൂപ്പിൽ
'കൂപ്പുകുത്തിടും' നിഴൽ
കിഴക്കു പിടിക്കുന്നു!!
പൂവുകൾ പൊഴിയുമീ—
പ്രതിസന്ധിയിൽകായ്ക—
ളേതു മട്ടാമെന്നുള്ള
നിനവിൽ ഫിനാവൊത്തും

കാററു പൊന്നോടക്കുഴ—
ലൂതി മേച്ചൊരു മേഘ—
ക്കൂട്ടങ്ങൾ പടിഞ്ഞാറു
രക്തത്തിൽ പിടയുന്നു!
രാവുറങ്ങാതേ ജപ—
മാലയിൽ ജീവിക്കുവാ—
നാ, വുമാ മഹാകാശ-
മാകവേ നീലയ്ക്കുന്നു!
വിശ്വ സുസ്മിതം വിരി—
വാർന്ന ദിഗ്വലയത്തിൻ—
വീര്യവിസ്മയമുഖം
തേഞ്ഞില്ലാതായീടുന്നു!!
മീന വേനലിൻ ജടാ—
മുങ്കുട മെരിഞ്ഞിട്ടും
മൗനത്തിൽ—സ്സമാധിയിൽ—
മാമല മേവീടുന്നു.
പച്ചില പച്ചക്കൂടൽ—
മാണിക്ക മഹാക്ഷേത്ര—
നേർച്ചപ്പൊൻ തിരിവയ്ക്കും
ദിക്കുകൾ പകയ്ക്കുന്നു!

ജീവിതം മരണത്തിൽ
നിന്നു വേർതിരിക്കുമാ—
ബ്ഭാവുകാമൃതകലാ
ലേഖയെപ്പേർത്തും കാത്തും
കരുണാമയ മായോ—
രീയ്സ്തമയത്തിന്റെ
കരുവാളിപ്പിൽ സ്വയ—
മെന്നെ ഞാൻ കാണാതാകെ
എന്തിനോ മനസ്സിന്റെ
നിറമെപ്പൊഴും വീശും
എന്റെ ഭാവനയിൻമേൽ
നോക്കി ഞാനിരിക്കുന്നു!!

**പി. കൃഷ്ണകുമാർ**

നായ അധ്യാപകന്റെ ജ്ഞാനദീപം കൈമറിഞ്ഞു കൈമറിഞ്ഞു പോകും. അതുകൊണ്ട് ഉത്കൃഷ്ടനായ ഗുരുനാഥന്റെ സ്വാധീനശക്തി ശതാബ്ദങ്ങളോളം ഉണ്ടായിരിക്കും. പില്ക്കാലത്ത് ഞാൻ അദ്ദേഹത്തിന്റെ ശിഷ്യനായപ്പോൾ ഇത് പ്രത്യക്ഷരം ശരിയാണെന്ന് മനസ്സിലാക്കുകയുണ്ടായി.

അക്കാലത്തുതന്നെയാണ് അദ്ദേഹം വിവാഹിതനായത്. വിവാഹം കഴിഞ്ഞു എന്നു പത്രത്തിൽ റിപ്പോർട്ടുവന്നതിന്റെ മൂന്നാംദിവസമോ നാലാംദിവസമോ ഞാൻ ചിറയിൻകീഴ് റെയിൽവേസ്റേറഷൻ പ്ലാററ്ഫോമിൽ നില്ക്കുകയായിരുന്നു. കൊല്ലത്തുനിന്നുവരുന്ന തീവണ്ടി പ്ലാററ്ഫോമിനടുത്തു വന്നുനിന്നു. എനിക്കുനേരെയുള്ള കംപാർട്ടുമെൻറിലേക്കു ഞാനൊന്നു നോക്കി. ഡോക്ടർ ഭാസ്കരൻ നായരും സഹധർമ്മിണിയും ഇരിക്കുന്നു. തിരുവനന്തപുരത്തേക്കു നോക്കിക്കൊണ്ടുതന്നെ. അറിയാതെ ഞാൻ കൈകൂപ്പിപ്പോയി. തൊഴുതാൽ അതേമട്ടിൽ വിനയത്തോടെ തിരിച്ചുതൊഴാനുള്ള സംസ്കാരവും സൻമനോഭാവവുമുള്ള ആളാണ് അദ്ദേഹം. ആകർഷകമായി ചിരിച്ചുകൊണ്ട് ഭാസ്കരൻ നായർസാർ പ്രത്യഭിവാദനം ചെയ്തത് എന്റെ അന്തർനേത്രം ഇന്നും കാണുന്നു. അദ്ദേഹം വിവാഹം കഴിഞ്ഞിട്ട് നേരേ തിരുവനന്തപുരത്തേക്ക് വരുന്നതാകാം.



Digitized by Kerala Sahitya Akademi

അല്ലെങ്കിൽ വീട്ടിൽ പോയിട്ട് ജോലിസ്ഥലത്തേക്കു പോരുന്നതാകാം. സ്നേഹം കൊടുക്കാററിലും ആഹ്ലാദംകൊള്ളുന്നുവെന്നു എനിക്കു തോന്നി. ചക്രവാതത്തിലും സ്നേഹത്തിന്റെ ചേതോഹരമായ ദീപം പൊലിഞ്ഞുപോകില്ലെന്ന് ഞാൻ മനസ്സിലാക്കി.

## ചങ്ങമ്പുഴയ്ക്ക് അഭിമതൻ

1942-ൽതന്നെ തിരുവനന്തപുരത്തെ ചിത്തിര തിരുനാൾ വായനശാലയിൽ ഞാൻ ചെന്നു കയറിയപ്പോൾ അതിന്റെ വടക്കുവശത്തുള്ള വരാന്തയിലിരുന്നു ചങ്ങമ്പുഴ മാതൃഭൂമിയുടെ ബയൻറ് ചെയ്ത വാല്യത്തിൽ നിന്ന് എന്തോ പകർത്തിയെടുക്കുന്നു. ''പ്രസിദ്ധപ്പെടുത്തിയ എന്റെ പല കവിതകളും കൈയിലില്ല. അതെല്ലാം ഞാൻ പകർത്തിയെടുക്കുകയാണ്'' എന്നു ചങ്ങമ്പുഴ പറഞ്ഞു. ഞാൻ അദ്ദേഹത്തിന്റെ അടുത്തു ചെന്നിരുന്നു. ചങ്ങമ്പുഴ പേന താഴെ വച്ചിട്ട് സംസാരിക്കാൻ തുടങ്ങി. പലതും പറഞ്ഞകൂട്ടത്തിൽ അദ്ദേഹം അറിയിച്ചു. ''ഞാൻ മലയാളത്തിൽ വരുന്ന ലേഖനങ്ങൾ വായിക്കുന്നത് ഒരാളിന്റെമാത്രം. വേറെ ആരെഴുതുന്നതും വായിക്കാറില്ല. ആ ഒരാൾ ഭാസ്കരൻ നായരാണ്.'' തുടർന്നു ചങ്ങമ്പുഴ അദ്ദേഹത്തിന്റെ ലേഖനങ്ങൾക്കുള്ള രാമണീയകത്തെക്കുറിച്ച സംസാരിച്ചു.

## നിസ്തുലനായ ഗദ്യകാരൻ

ഞാനിന്നു വൈകുന്നേരത്ത് മൃഗശാലയിൽ പോയിരുന്നു. അവിടെയൊരു ജലാശയമുണ്ട്. അതിൽ നാലഞ്ച് അരയന്നങ്ങൾ നീന്തിക്കളിക്കുന്നുണ്ടായിരുന്നു. പൊടുന്നനവേ ഒരു അരയന്നം മധുരനാദം പൊഴിച്ചുകൊണ്ട് ചിറകുവിരിച്ച് മുന്നോട്ടേക്കു നീന്തി. അതു പിന്നീട് കൂട്ടുകാരോടു ചേരാൻ കൂട്ടാക്കിയില്ല. ലയാത്മകമായ ഗദ്യം എഴുതുന്ന ഭാസ്കരൻ നായർ മുന്നോട്ടേക്കു കുതിച്ച രാജഹംസത്തെപ്പോലെയാണ്. മനോഹരമായ ഗദ്യമെഴുതുന്നവർ മലയാളസാഹിത്യത്തിൽ ഇല്ലാതില്ല. അവരുടെ കൂട്ടത്തിൽ നിന്നിരുന്ന ഈ സാഹിത്യകാരൻ എന്തോ ആന്തരമായ പ്രേരണകൊണ്ട് മുന്നോട്ടേക്കു പോയി. കൂട്ടുകാർക്കു അദ്ദേഹത്തോടൊപ്പമെത്താൻ കഴിയുകയില്ല. തന്റെ സിദ്ധികളിൽ വിശ്വാസമുള്ള ഭാസ്കരൻ നായർ മുന്നോട്ടേക്കുതന്നെ പൊയ്ക്കൊണ്ടിരിക്കുന്നു, എപ്പോഴും മധുരനാദം പൊഴിച്ചുകൊണ്ട്. അദ്ദേഹത്തിന്റെ ഏതു പ്രബന്ധവും വായിക്കു. വാക്കുകൊണ്ട്, വാക്കിന്റെ ശക്തികൊണ്ട് മാന്ത്രികശക്തിയുടെ മഹാമേരു നിർമ്മിച്ചുവയക്കുന്ന ഈ അനുഗൃഹീതൻ സത്യസന്ധനായി, വിശാലഹൃദയനായി നിങ്ങളുടെ മുൻപിൽ വന്നുനില്ക്കുന്ന കാഴ്ച കാണാം. അദ്ദേഹത്തിന്റെ ലയംകലർന്ന വാക്യങ്ങളും അവ ആവിഷ്കരിക്കുന്ന ആശയ സമൂഹവും നിങ്ങളുടെ അന്തരാത്മാവിലേക്കു കടന്നുചെല്ലും. നിങ്ങൾ മറെറാരാളായി മാറും. ഭാസ്കരൻ നായർ വള്ളത്തോളിനെക്കുറിച്ചെഴുതിയ ലേഖനത്തിൽ അദ്ദേഹം പദശില്പിയായ മഹാകവിയാണെന്നു പറഞ്ഞിരിക്കുന്നു. അതു തനിക്കും ചേരുന്ന സാരസ്വതരഹസ്യമാണെന്നു ഭാസ്കരൻ നായർ സാർ അറിഞ്ഞിട്ടുണ്ടോ എന്തോ? ഇഷ്ടപ്പെട്ട ചെറുപ്പക്കാരിയെ സ്വന്തമാക്കാൻ കിട്ടില്ലെന്നു കണ്ടാൽ കാമുകൻ അവളെ മോഷ്ടിക്കും. മാതൃഭൂമി വാരിക ഞാൻ പണംകൊടുത്ത് വാങ്ങുന്നതുകൊണ്ട് എന്റേതുതന്നെയാണ്. എങ്കിലും നാലുപാടും നോക്കിയതിനുശേഷം ഞാനതിൽനിന്നു ഭാസ്കരൻ നായരുടെ ലേഖനം കീറിയെടുത്ത് മേശയ്ക്കകത്ത് സൂക്ഷിച്ചുവച്ചിട്ട് ശേഷമുള്ള കടലാസുകൾ ദൂരെയെറിയുന്നു. മുട്ട മോഷ്ടിക്കുന്നവൻ ഒട്ടകത്തെ മോഷ്ടിക്കുമെന്ന് ഒരു അറേബ്യൻ പഴഞ്ചൊല്ല്. ലയത്തിന്റെ ശില്പങ്ങളായ, അദ്ദേഹത്തിന്റെ ഗ്രന്ഥങ്ങൾ തന്നെ ഞാൻ മോഷ്ടിക്കുകയില്ലെന്ന് ആരറിഞ്ഞു?

## നിരൂപകൻ

ഡോക്ടർ ഭാസ്കരൻ നായർ ''ഏസ്തെററിക് ക്രിട്ടിക്'' മാത്രമാണെന്നും അതുകൊണ്ട് കാവ്യത്തിലെ ആശയങ്ങളുടെ സാന്ദ്രത അദ്ദേഹത്തിനു പരിഗണനാർഹമല്ലെന്നും ചിലർ പറയാറുണ്ട്. വള്ളത്തോളിനെ വാഴ്ത്തിയതുപോലെ അദ്ദേഹം കുമാരനാശാനെ വാഴ്ത്തിയിട്ടില്ലെന്നു അവർ പറയും. പി കുഞ്ഞിരാമൻ നായരെ മഹാകവിയെന്നു വിളിക്കുന്ന രസന വൈലോപ്പിള്ളിയെ കവിയെന്നുപോലും വിളിച്ചിട്ടില്ലെന്ന് അവർ ചൂണ്ടിക്കാണിക്കും. രൂപശില്പത്തിന് പ്രാധാന്യം നല്കുന്ന ഏസ്തെററിക് ക്രിട്ടിക്കിന്റെ ന്യൂനതയാണിതെന്ന് അവർ വാദിച്ചേക്കും. ഇതു ശരിയല്ല. പദശില്പികളായ കവികളാണ് ഭാസ്കരൻനായർ സാറിന് അഭിമതർ. സമ്മതിച്ചു. പക്ഷേ ''രൂപശില്പപ്രധാനനായ'' ചങ്ങമ്പുഴയെക്കുറിച്ച് അദ്ദേഹം ഒരു വാക്കുപോലും പറഞ്ഞിട്ടില്ലെന്ന് നമ്മൾ ഓർമ്മിക്കണം. കാവ്യത്തിന്റെ രൂപശില്പത്തെ ചവിട്ടി പുറത്താക്കുന്ന ഉള്ളൂരിന്റെ കാവ്യങ്ങളുടെ സ്തോതാവാണ് അദ്ദേഹമെന്നും നമ്മൾ ഓർമ്മിക്കണം. അപ്പോൾ സത്യം വ്യക്തമായിവരുന്നു. ഭാരതീയ സംസ്കാരത്തെ കണ്ടറിയുകയും വ്യാഖ്യാനിക്കുകയും ചെയ്യുന്ന കവികളെയാണ് അദ്ദേഹത്തിനിഷ്ടം. ഭാരതീയസംസ്കാരമെന്നുപറഞ്ഞാൽ ആർഷസംസ്കാരമാണ്. ആർഷസംസ്കാരപ്രകീർത്തനം ഉള്ളൂരിന്റെയും വള്ളത്തോളിന്റെയും കുഞ്ഞിരാമൻ നായരുടേയും കാവ്യങ്ങളിൽഉള്ളതുപോലെ വേറെ ഒരു കവിയുടേയും കൃതികളിൽ ഇല്ല. ഭാസ്കരൻ നായർ അവരുടെ

(ശേഷം പേജ് 38, കോളം 1)

### മധുവിധു



# തേനീച്ച വളർത്തൽ-ഒരു ഹോബി

വീട്ടമ്മയ്ക്ക് ഇന്നു അടുക്കള തടവുമുറി അല്ലാതായിരിക്കുന്നു. അതുകൊണ്ടു അലസമായ ചെലവിടുവാൻ ഏറെ സമയം ലഭിക്കുന്നു. വെറുതെ അതുമിതും പറഞ്ഞിരുന്ന്, ഇല്ലെങ്കിൽ കിടന്നുറങ്ങി എന്തിനു വെറുതെ സമയം കളയുന്നു?

എന്തെങ്കിലും ഒരു ഹോബി സ്വന്തമാക്കുക. തേനീച്ചവളർത്തൽ ഒരു 'ഹോബി'യാക്കുവാൻ ഉദ്ദേശിക്കുന്ന വീട്ടമ്മ ഓർമ്മയിൽ സൂക്ഷിക്കേണ്ട നിരവധി കാര്യങ്ങളുണ്ട്.

നമ്മുടെ കാലാവസ്ഥയുമായി പെട്ടെന്നു ഇണങ്ങുന്നത് 'ഞൊടിയൻ' വർഗ്ഗത്തിൽപ്പെട്ട ഈച്ചകളാണെന്നു അറിഞ്ഞിരിക്കണം. ഇക്കൂട്ടർ ഇണക്കമുള്ളവരുമാണ്.

ബ്ലോക്കിൽനിന്നും ഈച്ചയോടു കൂടിയ പെട്ടികൾ വാങ്ങുകയാണ് നന്ന്. പെട്ടികൾ തണുപ്പുള്ള സ്ഥലത്തു സൂക്ഷിക്കുവാൻ ശ്രദ്ധിക്കുക.

രണ്ടര അടി പൊക്കമുള്ള സ്റ്റാൻഡിൽ വയ്ക്കുന്ന പെട്ടികൾ തമ്മിലുള്ള അകലം പത്ത് അടിയിൽ കുറയരുതെന്നു ഓർമ്മിക്കണം.

കൂടിന്റെ വാതിലുകൾ ഒരിക്കലും കാററിനു എതിരെ വയ്ക്കരുത്. കൂടുകൾക്കുള്ളിൽ കാററടിച്ചു കയറിയാൽ ഈച്ചകൾക്ക് താമസിക്കുവാൻ ബുദ്ധിമുട്ടുണ്ടാകും.

തലയും മുഖവും കഴുത്തും നെററുകൊണ്ടുമൂടി, കൈയ്യുറ അണിഞ്ഞ് ഇറക്കമുള്ള ഹൗസ്കോട്ടു ധരിച്ചുകൊണ്ടുവേണം തേനീച്ചകൂടു പരിശോധിക്കുവാൻ. ആഴ്ചയിൽ ഒരിക്കലെങ്കിലും കൂടുകൾ പരിശോധിക്കണം. നല്ല സൂര്യപ്രകാശമുള്ളപ്പോൾ വേണം പരിശോധന നടത്തുവാൻ.

അറയുടെ അടിഭാഗത്ത് വലിപ്പമുള്ള പ്രത്യേക അറകൾ ഒരുപക്ഷേ ഈച്ചകൾ നിർമ്മിച്ചെന്നുവരും. അവിടെ പുതിയ റാണി ഉണ്ടാവുകയും ഈച്ചകൾ പിരിഞ്ഞുപോയി പുതിയ കൂടുകൾ നിർമ്മിച്ചെന്നും വരും. അങ്ങനെ സംഭവിക്കാതിരിക്കുവാൻ പെട്ടിതുറന്ന് ഓരോ ഫ്രെയിമും വെളിയിൽ എടുത്ത് റാണി സെല്ലുകൾ ഉണ്ടെങ്കിൽ അവ നശിപ്പിക്കണം.

ദ്രവിച്ചുതുടങ്ങിയ അറകൾ നീക്കം ചെയ്യണം. പെട്ടിയുടെ അടിപ്പലകകൾ ഇടയ്ക്കിടെ വൃത്തിയാക്കണം. അറകൾ നശിപ്പിക്കുന്ന പുഴുക്കൾ നശിക്കുന്നതിനു ഇങ്ങനെ ചെയ്താൽ മതി.

മഴക്കാലങ്ങളിൽ പഞ്ചസാര പാനിയാക്കി കൂടിന്റെ മുകൾഭാഗത്തുകൂടി കുറേശ്ശെ ഒഴിച്ചു കൊടുക്കണം. ഇങ്ങനെ ചെയ്താൽ ഈച്ചകൾ നശിച്ചുപോകാതിരിക്കും.

യാതൊരുകാരണവശാലും തേൻ അറകൾ പിഴിഞ്ഞ് തേൻ എടുക്കരുത്. ബ്ലോക്കിൽനിന്നുതന്നെ ലഭിക്കുന്ന എക്സ്ട്രാക്ററർകൊണ്ടു തേൻ എടുക്കുകയാണെങ്കിൽ അറകൾ നശിക്കാതിരിക്കുന്നതിനു സഹായിക്കും. ഇങ്ങനെ ചെയ്താൽ സീസണിൽ ഓരോ ആഴ്ചയിലും തേൻ ശേഖരിക്കുവാൻ നിങ്ങൾക്കു കഴിയും. ജനുവരി മുതൽ മെയ്വരെയാണ് സീസൺ.

ഒരു കൂട്ടിൽനിന്നും പതിനഞ്ചു വരെ കുപ്പി തേൻ ശേഖരിക്കുവാൻ കഴിയും. വിനോദവും, ആരോഗ്യവും ലാഭവും തേടിത്തരുന്ന തേൻ വ്യവസായം ഒന്നു പരീക്ഷിച്ചുനോക്കൂ.

**സാലി പൊടിപാറ**

## സാംസ്കാരിക രംഗം

(പേജ് 7 തുടർച്ച)

കൃതികളെ നെഞ്ചേററി ലാളിക്കുന്നു. ആ ഭാരതീയസംസ്കാരപ്രതിപത്തി തന്നെയാണ് അദ്ദേഹത്തെ വാമഭാഗത്തേക്കോ ദക്ഷിണഭാഗത്തേക്കോ പലായനം ചെയ്യിക്കാതെ മധ്യവർത്തിയാക്കി നിർത്തിയിരിക്കുന്നത്.

ഈ സംസ്കാരസ്നേഹം ലേഖനങ്ങളിലും പ്രഭാഷണങ്ങളിലും മാത്രമല്ല അദ്ദേഹം പ്രകടിപ്പിക്കുന്നത്. സ്വകാര്യസംഭാഷണങ്ങളിലും സ്വകാര്യകത്തുകളിലും അതു കാണാം. ഒരിക്കൽ അദ്ദേഹമെനിക്കെഴുതി, ''കാമവികാരത്തിൽ ആറാട്ടുനടത്തുന്ന പീറക്കഥകളെ''ക്കുറിച്ച് എഴുതാതെ ഭാരതീയസംസ്കാരത്തിന്റെ വിഭിന്നങ്ങളായ മണ്ഡലങ്ങളെക്കുറിച്ച് ലേഖനങ്ങളെഴുതണമെന്ന്. ഭാരതത്തെയും അതിന്റെ സംസ്കാരത്തെയും മലയാളസാഹിത്യത്തെയും അദ്ദേഹം അത്രകണ്ട് സ്നേഹിക്കുന്നു. ഇന്ന് ആ സംസ്കാരത്തിന്റെ ലയം മഹാതരംഗംപോലെ ഉയർന്ന് അക്രമത്തിൽ ചെന്നു ചേർന്നിരിക്കുന്നു. മഹനീയങ്ങളായ മാനുഷികമൂല്യങ്ങളുടെ കരകൾ ഇടിച്ചിടുന്നു ആ മഹാതരംഗങ്ങൾ. അതുകണ്ട് ഭാസ്കരൻ നായർ വിഷാദിക്കുന്നു. ആ പരിദേവനങ്ങളാണ് അദ്ദേഹത്തിന്റെ ലേഖനങ്ങളിലുള്ളത്. ഇരുപതുകൊല്ലം മുൻപ് ഞാൻ ചെങ്കോട്ടയിലെ പാർക്കിൽ ചെന്നിരുന്നു. കോൺക്രീററുകൊണ്ടുണ്ടാക്കിയ ചാരുബെഞ്ചുകളിലിരുന്നാൽ പ്രകൃതിസൗന്ദര്യം ദർശിക്കാം; ആഹ്ലാദിക്കാം. ആ ബെഞ്ചുകൾ വേറെ വല്ലയിടങ്ങളിലേക്കും മാററിയിട്ടാൽ ആ പ്രകൃതിസൗന്ദര്യം നമ്മൾ കണ്ടില്ലെന്നുവരും. ഭാരതീയസംസ്കാരത്തോടു ബന്ധപ്പെട്ട കലാസൗന്ദര്യം കാണാൻ നമ്മുടെ മനസ്സിനെ സജ്ജമാക്കുന്ന പ്രക്രിയയിലാണ് ഡോക്ടർ ഭാസ്കരൻ നായർ ഏർപ്പെട്ടിരിക്കുന്നത്. അതിലദ്ദേഹം വിജയം കൈവരിക്കുന്നുമുണ്ട്.

### ആവർത്തനവും നിഷേയും

ഒരിക്കൽ മഹാനായ നിഷേ ആൽപ്സ് പർവതത്തിനടുത്തുള്ള എങ്കഡൈൻ താഴ്വരയിലൂടെ നടക്കുകയായിരുന്നു. ഭയപ്പെട്ടവനെപ്പോലെ അദ്ദേഹം പെട്ടെന്നു നിന്നു. കാലം അനന്തവും ജഡവസ്തു- മാററർ-പരിമിതവുമാണെന്ന് അദ്ദേഹത്തിനു തോന്നി. അതുകൊണ്ട് ഏതെങ്കിലുമൊരു സമയത്ത് ജഡവസ്തു പലവിധത്തിൽ സങ്കലനം ചെയ്തു സങ്കലനം ചെയ്ത് പൂർവ രൂപത്തിൽതന്നെആവിർഭവിക്കാനുള്ള സാദ്ധ്യതയുണ്ട്. കോടി കോടി വർഷങ്ങൾ കഴിയുമ്പോൾ തന്നെപ്പോലെയൊരു നിഷേ എങ്കഡൈൻ താഴ്വരയിൽ നില്ക്കുമെന്നും ആ നിഷേ ഈ ആവർത്തനസിദ്ധാന്തം (eternal recurrence) രൂപവത്കരിക്കുമെന്നും അദ്ദേഹം വിചാരിച്ചു. പലപ്പോഴും അതിനു മുൻപും ഒരേ നിഷേമാർ പ്രത്യക്ഷരായിട്ടുണ്ട്; ഇനി പ്രത്യക്ഷരാവുകയും ചെയ്യും. അതുകൊണ്ട് ലോകം നന്നാകുമെന്ന പ്രത്യാശയ്ക്കു വഴിയില്ല. മോക്ഷത്തിനു മാർഗ്ഗമില്ല. നിഷേയെവിടെ? ഈ ലേഖകൻ എവിടെ? എങ്കിലും വായനക്കാരുടെ സദയാനുമതിയോടെ പറഞ്ഞുകൊള്ളട്ടെ. ഭ്രാന്തിലേക്കുനീങ്ങിക്കൊണ്ടിരുന്ന നിഷേയുടെ ഭ്രാന്തൻ ആശയമാണിത്. ഡോക്ടർ ഭാസ്കരൻ നായർ എന്ന വ്യക്തി ഒരാളേയുള്ളു. ആ വ്യക്തിക്ക് ആവർത്തനമില്ല. അദ്ദേഹം പറയുന്നത് നാം ചെവികൊടുത്തു കേൾക്കണം. മനസ്സിരുത്തി അതുപോലെ പ്രവർത്തിക്കണം. അതു നമുക്കു ഉന്നമനം നല്കും. ●



Digitized by Kerala Sahitya Akademi